പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2367 **27-10-2026-ൽ മറുപടിയ്ക്ക്**

സോളാർ പാനലുകളുടെ വ്യാപനവും ട്രാൻസ്ഫോർമർ കപ്പാസിറ്റി സംബന്ധമായ പരാതികളും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

(എ) സോളാർ പാനലുകൾ വ്യാപകമായി സ്ഥാപിക്കുന്നതുമൂലം ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റിയിൽ അപര്യാപ്തതയുണ്ടാകുന്നതായി ഉപഭോക്താക്കളിൽ നിന്നും ജനപ്രതിനിധികളിൽ നിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പ്രദേശങ്ങളിൽ നിന്നാണ് നിവേദനങ്ങൾ ലഭിച്ചത് എന്നതിന്റെ വിവരങ്ങളും അവയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതിയും വിശദമാക്കാമോ?

മറുപടി: സോളാർ പാനലുകൾ വ്യാപകമായി സ്ഥാപിക്കുന്നതുമൂലം ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റിയിൽ അപര്യാപ്തതയുണ്ടാകുന്നതായി ഉപഭോക്താക്കളിൽ നിന്നും ജനപ്രതിനിധികളിൽ നിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

കേരളത്തിന്റെ തെക്കേ ഭാഗത്ത് ചങ്ങനാശ്ശേരി, കുറിച്ചി, തൃക്കൊടിത്താനം, തെങ്ങണ, വാകത്താനം, കുറുകച്ചാൽ, പത്തനാട്, മണിമല, മണിപ്പുഴ, വകയാർ, തോന്നല്ലൂർ, ചക്കാലവട്ടം, മുടിയൂർക്കോണം, കുമ്പാല, പന്തളം ടൗൺ, പൂഴിക്കാട് തവളക്കുളം, തെങ്ങമം, പള്ളിക്കൽ, പച്ചക്കാട്, നേമം സെക്ഷന്റെ പരിധിയിൽ സ്വാതിനഗർ, ഹോമിയോ കോളേജ്, കല്ലിയൂർ സെക്ഷൻ പരിധിയിൽ കുഴിവിള തുടങ്ങിയ പ്രദേശങ്ങളിലും നിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

കേരളത്തിന്റെ മദ്ധ്യ ഭാഗത്ത് പറവൂർ, ചേന്ദമംഗലം, വരാപ്പുഴ, മട്ടാഞ്ചേരി, തൃക്കാക്കര, കോതമംഗലം, വെള്ളൂർക്കുന്നം, മൂവാറ്റുപുഴ, കുഴിക്കണ്ടം, കളമശ്ശേരി ചുള്ളിക്കാവ് ഭാഗം, മേലൂർ, അന്നമനട, തൃശ്ശൂർ, കൈച്ചൂണ്ടി, മാമ്മൂട്, തത്തംപള്ളി, ത്രിവേണി, കന്നിട്ട ജെട്ടി, വലിയകുളം, ആലിശ്ശേരി, അഞ്ഞിലിപ്പുറം, കുന്നക്കാട്, ഇരട്ടകുളങ്ങര ഈസ്റ്റ്, കൽപ്പേനി, പറവൂർ ബീച്ച്, കുമാരപുരം, കോലാനി, കുടുക്കാമറ്റം തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

കേരളത്തിന്റെ വടക്കു ഭാഗത്ത് ഫറോക്ക്, മാങ്കാവ്, രാമനാട്ടുകര, കോഴിക്കോട് ബീച്ച്, അരീക്കാട്, കൊടുവള്ളി, സൗത്ത് മണക്കാട്, ക്ലാപ്പാനം, കുണിയൻ റേഷൻ ഷോപ്പ്, പട്ടന്മാർകൊവ്വൽ, സൂപ്പിമുക്ക്, തളിപ്പറമ്പ സെക്ഷൻ പരിധിയിൽ കക്കംച്ചാൽ വുഡ്, കരിമ്പം ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ അള്ളാംകുളം-1, അള്ളാംകുളം-2, നഴ്സിംഗ് ഹോം മന്ന, പുഷ്പഗിരി-1, പുഷ്പഗിരി-2, ഹൃദാപള്ളി, ഗവ:ഹോസ്പിറ്റൽ, BEd കോളേജ്, കുഞ്ഞിമംഗലം, മാടായിക്കാവ്, അഞ്ചുകണ്ടിപറമ്പ്, ആറാംകോട്ടം ആയത്താൻപാറ, അപർണ, പുന്നക്കപ്പാറ, അയനിവയൽ, കണിശൻമുക്ക്, കച്ചേരിപ്പാറ ഗോപാലൻ പീടിക, നുച്ചിവയൽ, ചക്കരപ്പാറ, കീരിയോട്പള്ളി, കല്ലായി പൂവത്തുംതറ, കുട്ടിക്കച്ചാൽ, മൗവഞ്ചേരി

സ്കൂൾ, കനാൽ പാലം, കാഞ്ഞിരോട് തെരു, എയർടെൽ മുണ്ടയാട്, അതിരം ഹോമിയോ, കനാൽ, സി പി സ്റ്റോർ, ഇടച്ചൊവ്വ യു പി സ്കൂൾ, എളയാവൂർ ക്ഷേത്രം, ഗോൾഡൻ എൻക്ലേവ്, ജേണലിസ്റ്റ് കോളനി, പാതിരാപറമ്പ്, പന്നിക്കുന്ന്, പോപ്പുലർ, ശരവണ മിൽ, എസ്.എൻ കോളേജ്, സൂര്യ നഗർ, മൂകാംബിക ടെമ്പിൾ, പ്രദേശങ്ങളിലെ ഉപഭോക്താക്കളിൽ നിന്ന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ട്രാൻസ്ഫോർമറുകൾക്ക് മതിയായ ശേഷിയില്ലാത്ത സ്ഥലങ്ങളിൽ ശേഷി വർധിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ, ബോർഡ് നടപ്പിലാക്കി വരുന്ന ദൃതി-2, പരിഗണനയിലുള്ള ദൃതി-3 എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പയ്യന്നൂർ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ ഉപഭോക്താക്കൾക്ക് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിനായി ദൃതി പദ്ധതിയിൽ ഉൾപ്പെടുത്തി ചൂവാട്ടറ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ട്, കൂടാതെ അമ്പലത്തറ, കണ്ടോത്ത് അറ, എസ് എൻ ഗ്രൗണ്ട് ട്രാൻസ്ഫോർമർ എന്നിവിടങ്ങളിൽ ഇന്റർലിങ്കുകൾ മാറ്റി സോളാർ ഫീസിബിലിറ്റി വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ